# <u>മലയാളം</u>

**രണ്ടാംവർഷം** **സമയം:രണ്ടര മണിക്കൂർ**

**മാതൃകാ ചോദ്യപേപ്പർ** **സ്കോർ 80**

---

1 മുതൽ 5 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും നാലെണ്ണത്തിന് രണ്ട് ഉത്തരം വീതം എഴുതുക.
2 സ്കോർ വീതം (4x2=8)

1. ഇ. സി. ജി. സുദർശൻ  അന്നത്തെ മലയാളം ക്ലാസുകളെക്കുറിച്ച് പറഞ്ഞത് എന്തെല്ലാം?
   - ലളിതമായ വേഷമായിരുന്നു മലയാളം മുൻഷിയുടേത്
   - മലയാളം അധ്യാപകൻ കർക്കശസ്വഭാവക്കാരനായിരുന്നു.
   - ധാരാളം ഗൃഹപാഠങ്ങൾ നൽകിയിരുന്നു
   - ഒരു കാര്യത്തിന് അനേകം തലങ്ങളുണ്ടാകാം എന്ന അറിവ് നൽകി.

2. "വർഷങ്ങളായി  ഇരുട്ടിലായിരുന്ന പലതും അവർ പ്രകാശത്തിന്റെ അടിത്തട്ടിൽനിന്നും കണ്ടെടുത്തു,"  ഈ വാക്യവുമായി ബന്ധപ്പെട്ട ആശയസൂചനകൾ കണ്ടെത്തുക.
   - നഷ്ടപ്പെട്ട ബാല്യകാലാനുഭവങ്ങൾ വീണ്ടെടുക്കുന്നു.
   - നഷ്ടപ്പെട്ട കളിപ്പാട്ടങ്ങൾ കണ്ടെടുക്കുന്നു.
   - ഉപേക്ഷിപ്പെട്ട ജന്മനാട്ടിന്റെ  ഓർമകളെ തിരിച്ചു പിടിക്കുന്നു.
   - മുങ്ങിപ്പോയ വീട്ടുപകരണങ്ങൾ കണ്ടെടുക്കുന്നു.

3. പുലിക്കോട്ടിൽ ഹൈദറിന്റെ കൃതികളുടെ സവിശേഷതകൾ എന്തൊക്കെയാണ്?
   - ഏറനാടൻ ഭാഷാശൈലി
   - പുരുഷപക്ഷപാതിത്വം
   - കേരളീയമായ ഇതിവൃത്തങ്ങൾ
   - ഭക്തിഗാനങ്ങൾ കൂടുതലായി രചിച്ചു.

4. ഇന്ത്യൻമാധ്യമങ്ങളുടെ സവിശേഷതകളായി പി. സായ്നാഥ് ചൂണ്ടിക്കാണിക്കുന്ന വസ്തുതകൾ എന്തൊക്കെയാണ്?
   - ഇന്ത്യയിലെ പത്രപ്രവർത്തകർ കഴിവില്ലാത്തവരാണ്.
   - സമൂഹത്തിലെ  ദുർബലതകൾ ചൂണ്ടിക്കാണിക്കാൻ മാധ്യമങ്ങൾക്ക് കഴിയും
   - പത്രങ്ങളുടെ സ്വഭാവത്തിൽ കോർപറൈറ്റേസഷന്റെ പരിമിതികൾ  പ്രകടമാണ്.
   - ഇപ്പോൾ ഇന്ത്യൻമാധ്യമങ്ങൾക്ക് ഒന്നും ചെയ്യാനില്ല.

5. പരമ്പതാഗതമാധ്യങ്ങളെ അപേക്ഷിച്ച് സാമൂഹിക മാധ്യമങ്ങളുടെ പരിമിതികൾ എന്തൊക്കെയാണ്?
   - വേണ്ട രീതിയിലുള്ള  എഡിറ്റിങ് ഇല്ല
   - മാധ്യമഭാഷകളുടെ വാർപ്പ് മാതൃകകളെ തകർക്കുന്നു
   - വ്യക്തിയുടെ സ്വകാര്യതയെ വെല്ലുവിളിക്കുന്നു
   - നിരന്തരസംവാദങ്ങൾക്ക് വേദിയൊരുക്കുന്നു

6 മുതൽ 9 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണത്തിന് ഒന്നോ രണ്ടോ വാക്യങ്ങളിൽ ഉത്തരമെഴുതുക. (2 സ്കോർ വീതം) (3x2=6)

6. ബാഹുകൻ നളനാണ് എന്ന് മനസ്സിലാക്കാൻ കേശിനി കണ്ടെത്തിയ രണ്ട് കാര്യങ്ങൾ എഴുതുക.

7. "നല്ലനായിരിപ്പവൻ നല്ലത് ഗ്രഹിച്ചീടും
വെള്ളത്തെ വെടിഞ്ഞ് പാൽ അന്നമെന്നത് പോലെ," ഈ അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുന്നുണ്ടോ? എന്തുകൊണ്ട്"

8. 'ബദരിയും പരിസരങ്ങളും' എന്ന യത്രാവിവരണം കഥ പോലെ ആസ്വദിക്കാൻ കഴിയുന്നതാണ്: രണ്ട് സന്ദർഭങ്ങൾ എഴുതുക.

9. ടെലിവിഷന്റെ വരവോടെ അച്ചടിപ്പത്രങ്ങളുടെ നിലനില്പ് അപകടത്തിലായോ? നിങ്ങളുടെ അഭിപ്രായം സാധൂകരിക്കുന്ന രണ്ട് ആശയങ്ങൾ എഴുതുക.

10 മുതൽ 16 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക (4 സ്കോർ വീതം) (5x4=20)

10. "ഭരിച്ചു കൊൾക തവ പുത്രനെ വൈകാതെ സുരസ്ത്രീ സമയായ കൗശികപുത്രിയോടും" എന്ന അശരീരിവാക്യം എന്ത് മാറ്റമാണ് ശകുന്തളയുടെ ജീവിതത്തിൽ ഉണ്ടാക്കിയത്?

11. മാജിക്കൽ റിയലിസം- കുറിപ്പ് തയ്യാറാക്കുക.

12. കാക്കാരശ്ശി നാടകത്തിലെ സംഭാഷണങ്ങളിൽ പുരുഷാധിപത്യത്തിന്റെ പ്രവണതകൾ കണ്ടെത്താനാകുന്നുണ്ടോ?

13. "അനേകം നിർഭാഗ്യങ്ങളോടൊപ്പം സംഭവിച്ച ചില ഭാഗ്യങ്ങളുടെ പേരിലാണ് ഞാനിന്ന് ജീവിച്ചിരിക്കുന്നത്"- ഹൈദരലിയുടെ ജീവിതാനുഭവങ്ങളിൽനിന്ന് ഈ വാക്യത്തെ സാധൂകരിക്കുന്ന കാര്യങ്ങൾ കണ്ടെത്തുക.

14. അയുക്തി ഹാസ്യത്തിന് കാരണമാകുന്നു-തേങ്ങ എന്ന കവിതയെ അയുക്തിയുടെ കവിതയായി വിലയിരുത്താനുതകുന്ന കുറിപ്പ് തയ്യാറാക്കുക.

15. അത്ഭുതകരമായ അനുഭവങ്ങളാണ് ഓരോ ഹിമാലയൻ യാത്രയും കരുതി വയ്ക്കുന്നത്- എസ്. കെ പൊറ്റക്കാടിന്റെയും എം പി വീരേന്ദ്രകുമാറിന്റെയും യാത്രാവിവരണങ്ങളുടെ അടിസ്ഥാനത്തിൽ പ്രതികരണക്കുറിപ്പ് തയ്യാറാക്കുക.

16. രാജ്യതന്ത്രങ്ങൾക്കും വംശീയതർക്കങ്ങൾക്കും അപ്പുറത്തേക്കു നീങ്ങുന്ന സ്നേഹാദരങ്ങൾ ഏറ്റുവാങ്ങിയ പ്രതിഭയാണ് സച്ചിൻ തെൻഡുൽക്കർ- വിശാദീകരിക്കുക.

17 മുതൽ 21 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക (6 സ്കോർ വീതം) (6x4=24)

17. പ്രകാശം എന്ന പ്രതീകം 'അവകാശങ്ങളുടെ പ്രശ്നം' എന്ന കഥയിലും 'പ്രകാശം ജലം പോലെയാണ്' എന്ന കഥയിലും ഒരുപോലെ പ്രധാനമാണ്. നിങ്ങളുടെ അഭിപ്രായം വിശദമാക്കി താരതമ്യക്കുറിപ്പ് തയാറാക്കുക.

18. പുരുഷന്റെ മുഖത്തു നോക്കി കാര്യം പറയാനുള്ള കരുത്താർജ്ജിച്ച സ്ത്രീയാണ് എഴുത്തച്ഛന്റെ ശകുന്തള- ഈ പ്രസ്താവനയോട് പ്രതികരണകുറിപ്പ് എഴുതുക.

19. അധികാര കേന്ദ്രങ്ങളോടൊട്ടി നിന്നുകൊണ്ട് പൊതുജനത്തെ പരിഹസിക്കുന്ന മാധ്യമലോകത്തിന്റെ പ്രതിനിധിയാണ് വിദൂഷകൻ- അഗ്നിവർണ്ണന്റെ കാലുകൾ എന്ന നാടകത്തെ അടിസ്ഥാനമാക്കി വിശദീകരിക്കുക.

20. "വെറുമൊരു മോഷ്ടാവായോരെന്നെ
കള്ളനെന്നു വിളിച്ചില്ലേ." മോഷ്ടാവ്, കള്ളൻ എന്നീ പദങ്ങളുടെ അർത്ഥവ്യതിയാനമാണ് നമ്മെ ഇരുത്തിച്ചിന്തിപ്പിക്കുന്നത്- വിശദമാക്കുക.

21. ഇന്റർനെറ്റിന്റെ ഉപയോഗം ടി പി ശ്രീധരന്റെ ജീവിതത്തിൽ ഉണ്ടാക്കിയ മാറ്റങ്ങൾ എന്തൊക്കെയാണ്. വിശദീകരിക്കുക.

താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് 22 മുതൽ 24 വരെ ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. 2 സ്കോർ വീതം (3x2=6)

ഒരു കാലത്ത് മനുഷ്യരുടെ ജീവിതത്തിലെ കടുത്ത യാഥാർത്ഥ്യങ്ങളായിരുന്നു ഇരുട്ടത്തിരിക്കുന്ന പിശാചുക്കളും യക്ഷികളും ഭൂതങ്ങളുമെല്ലാം. രാത്രിയിൽ പുറത്തേക്കിറങ്ങിപ്പോകാനായി നമ്മൾ കേരളക്കാർക്ക് ആകെയുണ്ടായിരുന്ന അവലംബം ഒരു ചൂട്ടുകറ്റയായിരുന്നു. ആളിക്കത്തിയും മങ്ങിയും ചിലപ്പോൾ അണഞ്ഞുംവരെ പോകുന്ന ഈ ചൂട്ടുകറ്റയുടെ വെളിച്ചത്തിൽ വേണം ഇരുട്ടിലിരിക്കുന്ന ഭൂതങ്ങളെയെല്ലാം നമുക്ക് കാണാൻ. കൊട്ടരത്തിൽ ശങ്കുണ്ണിയുടെ കഥകളിലെ എല്ലാ പിശാചുക്കളുടെയും ദൈവങ്ങളുടെയും കാതലായി പ്രവർത്തിച്ചത് ഈ ചൂട്ടുകറ്റ പ്രയോഗമാണ്. ടോർച്ച് ലൈറ്റിന്റെയും ഇലക്ട്രിക് തെരുവു വിളക്കുകളുടെയും ആഗമനത്തോടെ ഈ വിളക്കുകളൊന്നുമില്ലാത്ത ചില മലമേടുകളിൽ മാത്രമാണ് ഇന്ന് ഈ ഭൂതങ്ങൾ വസിക്കുന്നതെന്ന് കാണാം. ടോർച്ചെന്ന ഞെക്കുവിളക്കിന്റെ കണ്ടുപിടുത്തം രാത്രിയെ സമൂലം ആട്ടിമറിച്ച് ഭൂതപ്രേത പിശാചുക്കളെയും ഗന്ധർവ്വ കിന്നരന്മാരെയും അപ്രത്യക്ഷമാക്കിയിട്ട് അധികകാലമായിട്ടില്ല.

22. ഒരു കാലത്ത് മനുഷ്യരുടെ ജീവിതത്തിലെ കടുത്ത യാഥാർത്ഥ്യങ്ങളായി ലേഖകൻ

ചൂണ്ടിക്കാണിക്കുന്നതെന്ത്?

23. കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ കഥകളിൽ ചൂട്ടുകറ്റയുടെ പ്രാധാന്യം എന്തെല്ലാം?

24. ഞെക്കുവിളക്കെന്ന കണ്ടുപിടുത്തത്തിന്റെ ഗുണം എന്താണ്?

25 മുതൽ 27 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിന് ഒന്നൊരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 8 സ്കോർ വീതം (2x8=16)

25. നഷ്ടങ്ങളുടെ ചാരക്കൂനയിൽ നിന്ന് പ്രകൃതിയുടെ കരുത്തായി ഉയിർത്തെഴുന്നെൽക്കുന്ന വനവാസിയുടെ വിജയപർവ്വമാണ് കിരാതവൃത്തം- വിശദമാക്കുക.

26. ജനാധിപത്യത്തിൽ അവതരിക്കുന്ന അഗ്നിവർണ്ണന്മാരെ ആക്ഷേപഹാസ്യത്തിലൂടെ ശുദ്ധീകരിക്കുകയാണ് 'അഗ്നിവർണ്ണന്റെ കാലുകൾ' എന്ന നാടകത്തിലൂടെ കാവാലം നാരായണപ്പണിക്കർ- സ്വാഭിപ്രായം രേഖപ്പെടുത്തുക.

27. പുരുഷന്റെ ഇംഗീതങ്ങൾക്കനുസരിച്ച് ക്രമപ്പെടുത്തിയെടുക്കുന്ന ജീവിതത്തിന്റെ തടവറയിലാണ് ഓരോ സ്ത്രീയും. അതിൽനിന്ന് പുറത്തു കടക്കാനുള്ള ശ്രമം സ്ത്രീകൾതന്നെ നടത്തേണ്ടതുണ്ട്- ഗൗളീ ജന്മം എന്ന കഥയെ അടിസ്ഥാനമാക്കി വിശദീകരിക്കുക.


തയാറാക്കിയത്

1. അമ്പിളി എ ആർ, ജി എച്ച് എസ് എസ് കുറ്റിപ്പുറം
2. പ്രശാന്ത് ആർ., ചേറുമാൽ എച്ച് എസ് എസ്
3. ഡോ. സുനിൽ വി വി, ജി എച്ച് എസ് എസ് കാടഞ്ചേരി
4. പ്രതിഭ ചന്ദ്രൻ കെ എം, ജി വി എച്ച് എസ് എസ് തവനൂർ
5. ആശ എം പി, ജി എച്ച് എസ് എസ് ഇരിമ്പിളിയം
6. രാഖില വി, ജി എച്ച് എസ് എസ് തൃക്കാവ്
7. ഷെരീഫ കെ., എം ഐ എച്ച് എസ് എസ് പൊന്നാനി
8. രസിത കെ, ഐഡിയൽ എ എച്ച് എസ് എസ് കടകശ്ശേരി
9. സുമിത പി, വി വി എം എച്ച് എസ് എസ് മാറാക്കര
10. റാഷിദ വി എച്ച്, എം ഇ എസ് എച്ച് എസ് എസ് ഇരിമ്പിളിയം
11. ഷാനിൽ സി., ജി വി എച്ച് എസ് കല്പകഞ്ചേരി
12. രതീഷ് എ ആർ, വി എച്ച് എസ് എസ് വളാഞ്ചേരി